**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3670** **09-10-2025 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതിയുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള കേരഗ്രാമം പദ്ധതികളുടേയും കൃഷിസമൃദ്ധി പദ്ധതികളുടേയും വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിലെ ആര്യാട് പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br><br>100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു. ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു ;<br><br>2022-23-ൽ ഒന്നാം ഘട്ടം - 23,67,000/- രൂപ<br><br>2023-24-ൽ രണ്ടാം ഘട്ടം - 6,04,325/-രൂപ<br><br>2024-25-ൽ മൂന്നാം ഘട്ടം - 1,58,250/- രൂപ<br><br>എന്നിങ്ങനെ ആകെ 31,29,575/-രൂപ<br><br>**സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് കൃഷിഭവനിൽ** |

| | | | |
|---|---|---|---|
| | | | **കൃഷി സമൃദ്ധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൃഷി സമൃദ്ധി പദ്ധതിയുടെ ഭാഗമായി മാതൃകാ സംയോജിത കൃഷി യൂണിറ്റുകൾ സജ്ജമാക്കുകയും കർഷകരുടേയും കൃഷിയിടത്തിന്റേയും സാധ്യതകൾ പരിഗണിച്ചും പ്രയോജനപ്പെടുത്തിയും ഫാം പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തു. പ്രാദേശികമായ കാർഷിക പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും കർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഫലപ്രാപ്തി മെച്ചപ്പെടുത്തുന്നതിനുള്ള വാർഡുതല പ്രവർത്തനങ്ങളും കൃഷി സമൃദ്ധി പദ്ധതിയുടെ ഭാഗമായി നടത്തുകയുണ്ടായി. ഇതിനായി 85403 രൂപ മണ്ഡലത്തിൽ ചെലവഴിച്ചിട്ടുണ്ട്.** |
| (ബി) | കേരഗ്രാമം പദ്ധതിയിലൂടെ എന്തൊക്കെ ആനുകൂല്യങ്ങളും സഹായങ്ങളുമാണ് കേര കർഷകർക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | **കേരഗ്രാമം പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

| ക്രമ നമ്പർ | ഘടകങ്ങൾ | ARYAD | | |
|---|---|---|---|---|
| | | **2022-23 First Year** | **2023-24 Second Year** | **2024-25 Third Year** |
| 1 | തെങ്ങിന് തടം തുറക്കൽ, തെങ്ങ് കളനിയന്ത്രണവും പുതയിടലും, മറ്റ് പരിചരണങ്ങൾ | 387250 | | |
| 2 | കുമ്മായ വസ്തുക്കൾ @ Rs.9 /Palm | 19992 | 82511 | 27000 |
| 3 | കുമ്മായ വസ്തുക്കൾ @ Rs.3-75/Palm | 21631 | 38401 | 11250 |
| 4 | ബയോ ഫെർട്ടിലൈസർ, ബയോ കീടനാശിനികൾ, തെങ്ങുകയറ്റ കൂലി | 38935 | 112451 | 60000 |
| 5 | രോഗം ബാധിച്ച,തെങ്ങുകൾ മുറിച്ചുമാറ്റൽ @Rs.1000/- | 1000000 | | |
| 6 | തെങ്ങിൻ തോട്ടത്തിലെ ഇടവിള കൃഷി | 208800 | | |
| 7 | ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ @Rs.10000 | 253411 | | |
| 8 | ക്ലസ്റ്ററിനുള്ള തെങ്ങ് കയറ്റ ഉപകരണങ്ങൾ@Rs.2000 | 50000 | | |
| 9 | ജൈവ വളം ഉൽപാദന യൂണിറ്റ് സ്ഥാപിക്കൽ@Rs.10000/unit | 10000 | | |
| 10 | കൃഷിഭവൻ പ്രവർത്തന പിന്തുണ | 7000 | | |
| 11 | കേരസമിതി | 100000 | | |
| 12 | വിള സംരക്ഷണ പ്രവർത്തനം | 35980 | 22950 | |

| | | | | |
|---|---|---|---|---|
| 13 | ഗുണ നിലവാരമുള്ള തെങ്ങിൻ തൈ വിതരണം (@Rs.35/seedling) | | | |
| 14 | ജൈവവളം @Rs.25/തെങ്ങ് | 100875 | 237156 | 60000 |
| 15 | കീടനാശിനി പ്രയോഗം | 133126 | 110856 | |
| | ആകെ | **2367000** | **604325** | **158250** |